## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 466** | **10-02-2025 - ൽ മറുപടിയ്ക്ക്**

## മെയിന്റനൻസ് ഗ്രാന്റ് തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ അനുവദിച്ച ആകെ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക വർദ്ധിപ്പിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 2023-24 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡിതര സംരക്ഷണ ഫണ്ടായി 51,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനപ്രകാരം ഓരോ പ്രാദേശിക സർക്കാരുകൾക്കും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ വിസ്തീർണ്ണം, കാലപഴക്കം, ഉപഭോക്താക്കളുടെ എണ്ണം എന്നീ ഘടകങ്ങൾക്ക് മുൻതൂക്കം നൽകി കണക്കാക്കിയുള്ള വിഹിതത്തിനെ അടിസ്ഥാനമാക്കിയാണ് റോഡിതര സംരക്ഷണഫണ്ട് കണക്കാക്കിയിട്ടുള്ളത്. ലഭ്യമായ ഡാറ്റ പ്രകാരം ഓരോ പ്രാദേശിക സർക്കാരുകൾക്കുമുള്ള വിഹിതം ആറാം സംസ്ഥാന ധനകാര്യകമ്മിഷന്റെ ഒന്നാം ഭാഗ റിപ്പോർട്ടിന്റെ സപ്ലിമെന്റിൽ അനുബന്ധം 1.4 ൽ കാണിച്ചിട്ടുണ്ട്. റോഡ്/ റോഡിതര ആസ്തികളിലുള്ള ഡാറ്റ എറർ പരിഹരിക്കുന്നതിന് കമ്മീഷന്റെ ശിപാർശ പ്രകാരം രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റി യോഗം കൂടുമ്പോൾ ആയതിൽ വച്ച് കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രശ്നം പരിഹരിക്കാൻ സർക്കാർ തീരുമാനമെടുക്കുകയും 31/01/2025 ൽ കൂടിയ യോഗത്തിലെ അജണ്ടയിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ വിഷയം ധനകാര്യ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയിൽ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇത് സംബന്ധിച്ച എസ്.എഫ്.സി-എ 3/141/2022-ധനകാര്യം നമ്പർ ഫയലിലെ നടപടിക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | 31.01.2025 ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ എംപവേർഡ് കമ്മിറ്റി യോഗത്തിൽ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം പരിശോധിച്ചിട്ടുണ്ട്. |
| (സി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് 2024-25 വാർഷിക പദ്ധതിയിൽ ബജറ്റ് വിഹിതമായി മെയ്ന്റനൻസ് ഗ്രാന്റ് (റോഡ് ഇതരം) ഇനത്തിൽ വകയിരുത്തിയ തുക എത്രയാണ്; ഈ തുക നിശ്ചയിക്കുന്നതിനുള്ള | (സി) | 2024-25 സാമ്പത്തിക വർഷം കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന് റോഡിതര സംരക്ഷണ ഫണ്ടിനത്തിൽ 57,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. റോഡിതര സംരക്ഷണ ഫണ്ടിനുള്ള തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധന ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ |

| | | | |
|---|---|---|---|
| | നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | കാലയളവില്ലുള്ള അതേ മാനദണ്ഡങ്ങൾ പ്രകാരം തന്നെയാണ്. |
| (ഡി) | പ്രസ്തുത ഗ്രാന്റ് ഇനത്തിൽ 2023-24 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയും പ്രസ്തുത തുക നിശ്ചയിക്കുന്നതിനുള്ള നിബന്ധനകളും വ്യക്തമാക്കാമോ? | (ഡി) | 2023-24 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു. 1200 പ്രാദേശിക സർക്കാരുകൾക്കും റോഡിതര സംരക്ഷണ ഫണ്ടിന്റെ വിഹിതം വെച്ചിട്ടുള്ളത് ആറാം സംസ്ഥാന ധനകാര്യ കമ്മിഷൻ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. |

| നം | പ്രാദേശിക സർക്കാരിന്റ പേര് | 2023-24 ൽ റോഡിതര സംരക്ഷണ ഫണ്ടായി അനുവദിച്ച തുക (തുക രൂപയിൽ) |
|---|---|---|
| 1 | നിലമ്പൂർ | 1,13,12,000 |
| 2 | കാളികാവ് | 1,76,50,000 |
| 3 | വണ്ടൂർ | 2,09,56,000 |
| 4 | അരീക്കോട് | 3,55,80,000 |
| 5 | മലപ്പുറം | 30,82,000 |
| 6 | പെരിന്തൽമണ്ണ | 46,88,000 |
| 7 | മങ്കട | 72,91,000 |
| 8 | കുറ്റിപ്പുറം | 1,75,73,000 |
| 9 | വേങ്ങര | 83,49,000 |
| 10 | തിരൂരങ്ങാടി | 70,96,000 |
| 11 | താനൂർ | 2,58,37,000 |
| 12 | തിരൂർ | 1,97,37,000 |
| 13 | പൊന്നാനി | 1,54,86,000 |
| 14 | പെരുമ്പടപ്പ് | 36,00,000 |

സെക്ഷൻ ഓഫീസർ